# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 18.11.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ജലലഭ്യതയും ജലസുരക്ഷയും ഉറപ്പാക്കാൻ സമൂഹം ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു; ദേശീയ ജല പുരസ്കാരങ്ങൾ രാഷ്ട്രപതി വിതരണം ചെയ്തു.

   **President Droupadi Murmu urged everyone to work together to ensure water availability and security; President confrred National Water Awards.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ആന്ധ്രാപ്രദേശും തമിഴ്നാടും സന്ദർശിക്കും; കോയമ്പത്തൂരിൽ ദക്ഷിണേന്ത്യൻ പ്രകൃതികൃഷി ഉച്ചകോടി ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi will visit Andhra Pradesh and Tamil Nadu tomorrow; will inaugurate South India Natural Farming Summit in Coimbatore.**

3. ബിഹാറിൽ സർക്കാർ രൂപീകരണ ചർച്ചകൾ അന്തിമഘട്ടത്തിൽ; നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കാനുള്ള യോഗം നാളെ പട്നയിൽ.

   **Government formation talks in Bihar in final stages; meeting to elect legislature party leader in Patna tomorrow.**

4. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ 51 കോടിയോളം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ്

കമ്മീഷൻ; കേരളത്തിൽ ഫോം വിതരണം 97 ശതമാനം പൂർത്തിയായി.

**The Central Election Commission has distributed about 51 crore enumeration forms in the second phase of the Special Intensive Revision; distribution of forms in Kerala is 97 percent complete.**

5. **ശബരിമലയിൽ വൻ ഭക്തജനത്തിരക്ക്; സുഗമമായ ദർശനത്തിന് സൗകര്യമൊരുക്കുമെന്ന് ദേവസ്വം ബോർഡ് പ്രസിഡൻ്റ് കെ ജയകുമാർ.**

**Huge crowd of devotees at Sabarimala; Devaswom Board President K Jayakumar says facilities will be provided for smooth darshan.**

6. **ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.**

**Central Meteorological Department says there is a possibility of widespread rain in the state due to the influence of a low pressure; Orange alert in Thiruvananthapuram, Kollam and Alappuzha districts today.**

*********************************************************

## PREZ JAL SHAKTI (INTRO)

കാലാവസ്ഥാ വ്യതിയാനം ജല ചംക്രമണത്തെ സാരമായി ബാധിക്കുന്നുവെന്നും ജലലഭ്യതയും ജലസുരക്ഷയും ഉറപ്പാക്കാൻ എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കണമെന്നും രാഷ്ട്രപതി ദ്രൗപദി മുർമു. 2024 ലെ ദേശീയ ജല അവാർഡുകളും പ്രഥമ ജൽ സഞ്ചയ് ജൻ ഭാഗിദാരി അവാർഡുകളും ന്യൂഡൽഹിയിൽ വിതരണം ചെയ്യുകയായിരുന്നു രാഷ്ട്രപതി. ജലസ്രോതസ്സുകൾ പരിമിതമായതിനാൽ വെള്ളത്തിന്റെ കാര്യക്ഷമമായ ഉപയോഗം അത്യന്താപേക്ഷിതമാണെന്ന് രാഷ്ട്രപതി പറഞ്ഞു.

( വോയിസ്......)

ജല സംരക്ഷണത്തിനുള്ള മികവിന് കേരളത്തിൽ നിന്ന് കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്ത് ജലശക്തി മന്ത്രാലയത്തിൻറെ പുരസ്കാരത്തിനും, തിരുവനന്തപുരം എം ജി എം മോഡൽ സ്കൂൾ പ്രത്യേക പരാമർശത്തിനും അർഹമായി.കേന്ദ്ര ജലശക്തി മന്ത്രി സി.ആർ.പാട്ടീൽ, സഹമന്ത്രി വി.സോമണ്ണ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

***************************************** *************

## PM VISIT-ANDHRA-TN

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ആന്ധ്രാപ്രദേശും തമിഴ്നാടും സന്ദർശിക്കും. ആന്ധ്രാപ്രദേശിലെ, പുട്ടപർത്തിയിൽ സത്യസായി ബാബയുടെ മഹാസമാധിയിൽ അദ്ദേഹം പ്രണാമം അർപ്പിക്കും. സത്യസായി ബാബയുടെ ശതാബ്ദി ആഘോഷങ്ങളിൽ ശ്രീ മോദി പങ്കെടുക്കും.

തുടർന്ന്, പ്രധാനമന്ത്രി തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ ദക്ഷിണേന്ത്യൻ പ്രകൃതി കൃഷി ഉച്ചകോടി ഉദ്ഘാടനം ചെയ്യും. പ്രായോഗികവും കാലാവസ്ഥാ വെല്ലുവിളികളെ പ്രതിരോധിക്കുന്നതുമായ കൃഷിരീതികളിലേക്കുള്ള മാറ്റം പ്രോത്സാഹിപ്പിക്കുന്നതിലാണ് മൂന്ന് ദിവസത്തെ ഉച്ചകോടി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

***************************************** *************

## PM - GOENKA LECTURE

വികസിതവും സ്വയംപര്യാപ്തവുമായ ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് രാജ്യം ആത്മവിശ്വാസത്തോടെ നീങ്ങുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ നടന്ന ആറാമത് രാംനാഥ് ഗോയങ്ക പ്രഭാഷണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യ വളർന്നുവരുന്ന വിപണി മാത്രമല്ല, ലോകത്തിന് പ്രത്യാശയുടെ മാതൃക കൂടിയാണെന്നും അദ്ദേഹം പറഞ്ഞു.

***************************************** *************

## BIHAR – GOVT FORMATION (INTRO)

ബിഹാറിൽ സർക്കാർ രൂപീകരണം സംബന്ധിച്ച ചർച്ചകൾ അവസാനഘട്ടത്തിൽ. നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കുന്നതിനായി എൻ.ഡി.എ സഖ്യകക്ഷി എൽഎമാരുടെ യോഗം നാളെ പട്നയിൽ ചേരും.

**വിശദാംശങ്ങളിലേക്ക്.....**

(വോയിസ്)

## BIHAR – GOVT FORMATION (VOICE)

ബിജെപിയടക്കം എൻ ഡി എയിലെ അഞ്ച് ഘടകകക്ഷികളിൽ നിന്നുള്ള 202 എംഎൽഎമാർ നാളത്തെ യോഗത്തിൽ പങ്കെടുക്കും. നിയമസഭാ കക്ഷി നേതാവായി നിതീഷ് കുമാറിനെ വീണ്ടും തിരഞ്ഞെടുക്കാനാണ് സാധ്യത. നിലവിലെ നിയമസഭ നാളെ പിരിച്ചുവിടാൻ സംസ്ഥാന മന്ത്രിസഭ ശുപാർശ ചെയ്ത സാഹചര്യത്തിൽ മുഖ്യമന്ത്രി നിതീഷ് കുമാർ നാളെ ഗവർണർക്ക് രാജി സമർപ്പിക്കും. ഇതിനു ശേഷം സർക്കാർ രൂപീകരണത്തിന് അവകാശവാദമുന്നയിച്ച് നേതാക്കൾ ഗവർണറെ കാണും. പട്നയിലെ ഗാന്ധി മൈതാനിൽ മറ്റന്നാളാണ് സത്യപ്രതിജ്ഞാ ചടങ്ങ്. പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള മുതിർന്ന നേതാക്കളും ബി ജെ പി അധികാരത്തിലിരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും ചടങ്ങിൽ പങ്കെടുക്കും.

**ന്യൂസ് ഡെസ്ക് ആകാശവാണി......**

***************************************************************

## ECI– SIR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടം ആരംഭിച്ചതിനുശേഷം 50 കോടി 97 ലക്ഷത്തിലധികം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

ഇതോടെ ആകെ 98.54 ശതമാനം വോട്ടർമാർക്ക് ഫോം ലഭ്യമാക്കി. കേരളത്തിൽ ഇതുവരെ 97 ശതമാനം എന്യൂമറേഷൻ ഫോമുകളുടെ വിതരണം പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. പൂരിപ്പിച്ച ഫോമുകൾ ശേഖരിക്കുന്നതിൽ ബി.എൽ.ഒ.മാർക്ക് സൗകര്യമൊരുക്കാൻ ജില്ലാ ഭരണകൂടങ്ങൾ സമഗ്രമായ നടപടികൾ കൈക്കൊണ്ടതായും അദ്ദേഹം വ്യക്തമാക്കി. ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി എസ്.ഐ.ആറിന്റെ രണ്ടാം ഘട്ടം ഈ മാസം നാലിനാണ് ആരംഭിച്ചത്. 2026 ഫെബ്രുവരി 7 ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും.

***********************************************************

## SIR

തദ്ദേശ തിരഞ്ഞെടുപ്പ് പൂർത്തിയാകും വരെ തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണം നീട്ടിവയ്ക്കണം എന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ സുപ്രീംകോടതിയെ സമീപിച്ചു. തദ്ദേശ തെരഞ്ഞെടുപ്പിനും വോട്ടർപ്പട്ടിക പുതുക്കലിനും ഉദ്യോഗസ്ഥരെ ഒരേസമയം വിന്യസിക്കേണ്ടി വരും. ഇത് സർക്കാരിൻറെ ദൈനംദിന പ്രവർത്തനങ്ങളേയും സുഗമമായ തിരഞ്ഞെടുപ്പ് നടത്തിപ്പിനേയും ബാധിക്കുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടി സംസ്ഥാന ചീഫ് സെക്രട്ടറി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് കത്ത് അയച്ചതായും റിട്ട് ഹർജിയിൽ വ്യക്തമാക്കുന്നു.

***********************************************************

## SUBMISSION OF NOMINATION PAPERS

തദ്ദേശ തിരഞ്ഞെടുപ്പിൻറെ നാമനിർദേശ പത്രികാ സമർപ്പണം സംസ്ഥാനത്ത് പുരോഗമിക്കുന്നു. ഇന്നലെ വരെ 2,994 പേർ പത്രിക സമർപ്പിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു. ഏറ്റവും കൂടുതൽ പത്രികാ സമർപ്പണം തൃശൂരിലും ഏറ്റവും കുറവ് കാസർകോട് ജില്ലയിലുമാണ്. ഈ

മാസം 21 വരെയുള്ള പത്രിക സമർപ്പണത്തിന് ശേഷം സൂക്ഷ്മ പരിശോധന 22-ന് നടക്കും. നവംബർ 24 വരെ പത്രിക പിൻവലിക്കാം. അടുത്ത മാസം ഒമ്പതിനും പതിനൊന്നിനും രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 ന് നടക്കും.

*****************************************************

## ELECTION - HOLIDAY

തദ്ദേശ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് ദിവസങ്ങളിൽ പൊതു അവധി പ്രഖ്യാപിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. ഡിസംബർ 09, 11 തീയതികളിൽ ബന്ധപ്പെട്ട ജില്ലകളിൽ പൊതു അവധിയും, നെഗോഷ്യബിൾ ഇൻസ്ട്രുമെൻറ് ആക്ട് അനുസരിച്ചുള്ള അവധിയും അനുവദിക്കണം.

*****************************************************

## ANDHRA- MAOISTS

ആന്ധ്രാപ്രദേശിലെ അല്ലൂരി സീതാരാമ രാജു ജില്ലയിൽ സുരക്ഷാ സേനയും മാവോയിസ്റ്റുകളും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ മുതിർന്ന മാവോയിസ്റ്റ് നേതാവ് മാദ്വി ഹിദ്മ ഉൾപ്പടെ ആറ് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. പ്രദേശത്ത് നിന്ന് എ.കെ-47 റൈഫിളുകളും സ്ഫോടകവസ്തുക്കളും ഉൾപ്പെടെ കണ്ടെടുത്തു. അതിനിടെ, വിജയവാഡയിൽ, 27 മാവോയിസ്റ്റുകളെ പോലീസ് അറസ്റ്റ് ചെയ്തു.

*****************************************************

## GOYAL-FICCI (INTRO)

സാങ്കേതികവിദ്യയിലും നവീകരണത്തിലും ഇന്ത്യ നേതൃപരമായ പങ്ക് വഹിക്കുമെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ. 2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കുക എന്ന

ലക്ഷ്യം കൈവരിക്കാൻ നവീകരണത്തിന് സർക്കാർ പ്രഥമ മുൻഗണന നൽകുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഫിക്കിയുടെ 98-ാമത് വാർഷിക പൊതുയോഗത്തിന് മുന്നോടിയായി ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. രാജ്യത്തെ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌സ്ഥയാക്കി മാറ്റുന്നതിൽ, അടുത്ത രണ്ട് വർഷങ്ങൾ,

നിർണായക പങ്ക് വഹിക്കുമെന്നും ശ്രീ ഗോയൽ വ്യക്തമാക്കി. (ഹോൾഡ്)

*************************************** *************

## URBAN DEVELOPMENT

2050 ഓടെ രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ നഗരവികസനത്തിന്റെ സംഭാവന നിലവിലെ 60 ശതമാനത്തിൽ നിന്ന് 80 ശതമാനമായി ഉയരുമെന്ന് കേന്ദ്ര മന്ത്രി മനോഹർ ലാൽ. നഗരങ്ങളെ സാമ്പത്തിക കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 4 ലക്ഷം കോടി രൂപയുടെ അർബൻ ചലഞ്ച് ഫണ്ട് ലഭ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു. തെക്കു-പടിഞ്ഞാറൻ സംസ്ഥാനങ്ങളുടെ നഗരവികസനവുമായി ബന്ധപ്പെട്ട് ഹൈദരാബാദിൽ നടന്ന യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

*************************************** *************

## SABARIMALA

മണ്ഡല – മകരവിളക്ക് തീർത്ഥാടനത്തിന്റെ രണ്ടാംദിനമായ ഇന്ന് ശബരിമലയിൽ വൻ ഭക്തജന തിരക്ക്.

തിരക്ക് മൂലം ഇതരസംസ്ഥാനത്തു നിന്നെത്തിയ തീർഥാടകർ ദർശനം നടത്താനാകാതെ തിരികെ പോകുന്ന സാഹചര്യമുണ്ടായെങ്കിലും, വൈകുന്നേരത്തോടെ

സ്ഥിതി നിയന്ത്രണ വിധേയമായതായി അധികൃതർ അറിയിച്ചു. തീർഥാടകർക്ക് അധികം കാത്തുനിൽക്കാതെ സുഗമമായി ദർശനം നടത്താൻ സൗകര്യമൊരുക്കുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് കെ ജയകുമാർ അറിയിച്ചു. സ്പോട്ട് ബുക്കിങ്ങ് ഇരുപതിനായിരമാക്കി നിജപ്പെടുത്തുമെന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. അതേസമയം ശബരിമലയിൽ ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടതായി കോൺഗ്രസും, ബി.ജെ.പി യും വിമർശനമുന്നയിച്ചു.

**********************************************************

## RAIN – KERALA

കന്യാകുമാരി തീരത്തെ ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തൃശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ഒഴികെ മറ്റ് 7 ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള – ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

**********************************************************

## GOWDA SARASWATHA BRAHMANA

ശ്രീ കാശീമഠ് സംസ്ഥാൻ വാരാണസിയുടെ മഠാധിപതിയും ആത്മീയാചാര്യനുമായ ശ്രീ സംയമീന്ദ്ര തീർത്ഥസ്വാമികൾ അഞ്ചു ദിവസത്തെ സന്ദർശനത്തിനായി നാളെ തിരുവനന്തപുരത്ത് എത്തും. രംഗവിലാസം കൊട്ടാരത്തിലെത്തുന്ന സ്വാമികളെ പൂർണ കുംഭം നൽകി തലസ്ഥാനം സ്വീകരിക്കും.

*******************************************************************************************************************

*****************************************